LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതി താൽക്കാലികമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 17-9-2014-ലെ സ.ഉ.(കൈ)നമ്പർ 39/14/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുമതി നൽകാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന 154 ലക്ഷത്തോളം പേർക്കാണ് ആനുകൂല്യം ലഭിക്കുക. 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ., എന്നീ ഉത്തരവുകൾ പ്രകാരമാണ് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം മുൻഗണനാ കാർഡുകളിലെ ഓരോ അംഗത്തിനും പ്രതിമാസം അഞ്ച് കിലോഗ്രാമും എ.എ.വൈ. കാർഡുകൾക്ക് 35 കിലോഗ്രാമും ഭക്ഷ്യധാന്യം ലഭിക്കുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്കും ഭക്ഷ്യധാന്യം സബ്സിഡി നിരക്കിൽ നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

റേഷൻ കാർഡ് പുതുക്കൽ

263 (1320) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുകൾ ഉണ്ട്; റേഷൻ കാർഡുകൾ പുതുക്കി നൽകേണ്ടിയിരുന്നത് എപ്പോഴായിരുന്നു;

(ബി) അനർഹരായിട്ടുള്ളവരെയെല്ലാം ഒഴിവാക്കിക്കൊണ്ട് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) റേഷൻകാർഡുകൾ പുതുക്കി നൽകാതിരിക്കുന്നതുമൂലമുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടത്തെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുക്കി നൽകേണ്ടിയിരുന്ന സമയത്തിനകം അത് നൽകുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നത് ഏത് തലത്തിലുള്ള ഉദ്യോഗസ്ഥൻമാരാണ്; പുതുക്കിയ റേഷൻ കാർഡ് എന്നത്തേക്ക് പൂർണ്ണമായും നൽകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 8317000 റേഷൻ കാർഡുകൾ ഉണ്ട്. നിലവിലെ റേഷൻ കാർഡുകളുടെ കാലാവധി 2012-ൽ അവസാനിച്ചിരുന്നു. റേഷൻ വിഹിതം ലഭിക്കത്തക്ക വിധം കാർഡിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യസുരക്ഷ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് നിലവിലെ കാർഡുകൾ പുതുക്കുന്ന നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

(സി) റേഷൻ കാർഡുകൾ പുതുക്കി നൽകാത്തതുമൂലം എന്തെങ്കിലും നഷ്ടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റേഷൻ കാർഡ് പുതുക്കി നൽകാതിരുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമല്ല. സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കൽ പ്രക്രിയ, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽവരുന്ന നടപടിക്കൊപ്പം പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായ സൗജന്യ ഫാറങ്ങളുടെ വിതരണം 1-1-2015 മുതൽ ആരംഭിക്കുന്നതാണ്. ഇങ്ങനെ വിതരണം ചെയ്യുന്ന ഫോറങ്ങൾ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള ക്യാമ്പുകളിലൂടെ കാർഡുടമകളുടെ ഫോട്ടോ എടുക്കുന്നതോടൊപ്പം മടക്കിവാങ്ങി ഡാറ്റാ എൻട്രി നടത്തി മുൻഗണനാ വിഭാഗത്തെ കണ്ടെത്തി പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയ്ക്ക് പഞ്ചായത്ത് വഴി അംഗീകാരം നൽകി കാർഡ് പുതുക്കി നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സമയ പട്ടികയനുസരിച്ച് 1-9-2015 മുതൽ പുതിയ റേഷൻ കാർഡുകൾ നിലവിൽ വരുന്നതാണ്.

റേഷൻ കാർഡ് പുതുക്കലും റേഷൻ വിതരണവും

264 (1321) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിൽ റേഷൻ കടകൾ വഴി അപേക്ഷാ ഫാറം വിതരണം ചെയ്ത് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഒരു മാസത്തിൽ ഒരു റേഷൻകാർഡ് ഗുണഭോക്താവിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന റേഷന്റെ അളവ് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly